LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ 7/2001 വരെയും ക്ഷേമനിധി 5/2001 വരെയും വിരമിച്ചവർക്കും നൽകിയിട്ടുണ്ട്.

(ബി) ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ 6111 പേർക്കും ക്ഷേമ നിധി 6241 പേർക്കും നൽകാനുണ്ട്.

(സി) 275 കോടി രൂപ.

(ഡി) ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം പ്രതിദിന വരുമാനത്തിന്റെ 10 ശതമാനം ഒരു പ്രത്യേക ഫണ്ടായി രൂപീകരിച്ച് പെൻഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്തുവരുന്നു.

അധികം വാങ്ങിയ ഫാമിലി പെൻഷൻ ഗഡുക്കളായി തിരികെ പിടിക്കാൻ നടപടി

80 [1392] ശ്രീ. പി. കെ. കെ. ബാവ:

" കുട്ടി അഹമ്മദ് കുട്ടി:

" ഇ. ടി. മുഹമ്മദ് ബഷീർ:

" സി. മമ്മൂട്ടി:

" ഇസഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ നിന്നും പെൻഷൻ പറ്റിപ്പിരിഞ്ഞ ജീവനക്കാർ, മരണമടയുമ്പോൾ അവരുടെ കുടുംബത്തിന് അനുവദിക്കുന്ന ഫാമിലി പെൻഷൻ കെ. എസ്. ആർ. ടി. സി.-യുടെ ആനുകൂല്യമാണോ എന്നറിയിക്കാമോ;

(ബി) അനുവദിച്ചു കൊടുത്ത ഫാമിലി പെൻഷൻ കുറവ് വരുത്തേണ്ട സമയത്ത് ബന്ധപ്പെട്ട സെക്ഷനിലെ ഉത്തരവാദിത്വപ്പെട്ടവർ നടപടി നടത്താതെയിരുന്നതുകൊണ്ട് വാങ്ങിയ തുക ഒന്നായി തിരിച്ചടയ്ക്കണമെന്ന് ഫാമിലി പെൻഷൻകാരെ നിർബന്ധിക്കുന്നത് തടയുമോ;

(സി) കുറഞ്ഞ തുക ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർക്ക് അധികം പറ്റിയതായി കണക്കാക്കുന്ന തുക തവണകളായി ചെറിയ തുക വീതം പെൻഷനിൽ നിന്നും കുറവ് ചെയ്ത് ഈടാക്കാൻ അനുകൂലമായ ഉത്തരവ് നൽകുമോ;

(ഡി) ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം അടിയന്തിരമായി എടുക്കുന്നതിന് ഗവൺമെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നിയമാനുസരണമുള്ള ആനുകൂല്യമാണ്.

(ബി) എന്തുകാരണം കൊണ്ടായാലും ഫാമിലി പെൻഷൻ അധികതുക പറ്റുന്നത് തിരിച്ചടയ്ക്കാൻ പെൻഷൻകാർ ബാദ്ധ്യസ്ഥരാണ്. ഇതു സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങൾ ഉണ്ട്.

(സി) ബന്ധപ്പെട്ട ഫാമിലി പെൻഷൻകാരുടെ അപേക്ഷ കിട്ടിയാൽ ഇക്കാര്യം യോഗ്യത അനുസരിച്ചു പരിഗണിക്കുന്നതാണ്.

(ഡി) തല്ക്കാലം പരിഗണനയിലില്ല.

ബസ്സപകടത്തിൽ മരണമടഞ്ഞവർക്കുള്ള നഷ്ടപരിഹാരത്തുക നൽകാൻ നടപടി

81 [1393] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സപകടത്തിൽ മരണമടഞ്ഞ എത്ര പേർക്ക് എം. എ.സി. ടി. വിധിച്ചിട്ടുള്ള നഷ്ടപരിഹാരത്തുക നൽകാനുണ്ടെന്ന് അറിയിക്കാമോ;

(ബി) എത്ര വർഷം മുമ്പുവരെയുള്ള അപകടങ്ങൾക്കാണ് ഇപ്രകാരം തുക നൽകാനുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഇത്രയും കാലതാമസം ഇക്കാര്യത്തിൽ ഉണ്ടാകാനുള്ള കാരണങ്ങൾ അറിയിക്കാമോ;

(ഡി) ഒ. പി. നമ്പർ എം. വി. 2728/93 പ്രകാരമുള്ള വിധിയനുസരിച്ച് ശ്രീമതി വി. സുശീലാഭായിയ്ക്ക് നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണങ്ങൾ പറയാമോ;

(എഫ്) മാനുഷിക പരിഗണന നൽകി പ്രസ്തുത തുക എത്രയും വേഗം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1728 പേർക്ക്

(ബി) വിവിധ കാരണങ്ങളാൽ 1988 മുതലുള്ള അപകടങ്ങൾക്ക് നഷ്ടപരിഹാരത്തുക നൽകാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly